# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 148 — 28.01.2019 ൽ മറുപടിക്ക്

## വിദ്യാർത്ഥികൾ പോലീസുകാരെ മർദ്ദിച്ച സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) 2018 ഡിസംബർ 12-ാം തീയതി തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് വിദ്യാർത്ഥികൾ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാരെ മർദ്ദിച്ചതുമായി ബന്ധപ്പെട്ട പരാതി പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഏതെല്ലാം പോലീസുകാർക്കാണ് വിദ്യാർത്ഥികളിൽ നിന്നും മർദ്ദനമേറ്റത്; | (എ) കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം.1560/2018 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>തിരുവനന്തപുരം എസ്.എ.പി ക്യാമ്പിലെ "ബി" കമ്പനിയിലെ പോലീസ് കോൺസ്റ്റബിൾമാരായ 12729 വിനയചന്ദ്രൻ, 12812 ശരത്ത്, 13155 വിപിൻ രാജ് എന്നീ പോലീസ് ഉദ്യോഗസ്ഥർക്കാണ് മർദ്ദനമേറ്റത്. |
| (ബി) മർദ്ദനം സംബന്ധിച്ച് ഏതെല്ലാം വിദ്യാർത്ഥികൾക്കെതിരെയാണ് കേസെടുത്തിട്ടുള്ളത്; | (ബി) കണ്ടാലറിയാവുന്ന 2 പേരുൾപ്പെടെ 6 പേർക്കെതിരെയാണ് കേസെടുത്തതെങ്കിലും 5 പ്രതികൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. |
| (സി) ഏത് വകുപ്പ് പ്രകാരമാണ് കേസെടുത്തിട്ടുള്ളത്; ഇതിന്റെ വിശദവിവരങ്ങൾ നൽകാമോ; | (സി) പ്രതികൾക്കെതിരെ 143,147,149,447, 294(b),353,332 IPC എന്നീ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ഡി) പ്രസ്തുത കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ? | (ഡി) കേസ് അന്വേഷണത്തിലാണ്. |

സെക്ഷൻ ഓഫീസർ